**പ്രസിദ്ധീകരണത്തിന്**

നെൽകർഷകമേഖലയിൽ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ടവർ കണ്ടില്ലെന്നു നടിക്കരുത്.

കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകൾ കർഷകന് നല്കേണ്ട ന്യായമായ താങ്ങുവില ഉറപ്പുവരുത്തുക; കുട്ടനാട്ടിലെ ജലവിതാനം ക്രമപ്പെടുത്തുവാനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് ഒഴിവാക്കുവാനും തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ കാലാനുസൃതമായി അറ്റകുറ്റപ്പണികൾ നടത്തി എത് അടിയന്തിര സാഹചര്യത്തിലും പ്രവർത്തനക്ഷമമാക്കുക; ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ നെല്ലിന്റെ ഹാൻഡ്‌ലിംഗ് ചാർജ്ജ് പൂർണ്ണമായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഹിക്കുക; കാര്യക്ഷമതയുള്ള കൊയ്ത്തുമെതിയന്ത്രം ന്യായമായ വാടകയിൽ സർക്കാർനിയന്ത്രണത്തിൽ ലഭ്യമാക്കുക; പമ്പിംഗ് സബ്സിഡി കാലാനുസൃതമായി വർദ്ധിപ്പിക്കുകയും കുടിശ്ശിക പൂർണ്ണമായും എത്രയും പെട്ടെന്ന് നല്കുകയും ചെയ്യുക; ഗുണനിലവാരമുള്ള നെൽവിത്തുകൾ കൃത്യസമയത്ത് ലഭ്യമാക്കുക; കാലാവസ്ഥാവ്യതിയാനത്തെ ചെറുത്തു നില്ക്കുന്നതിനു വേണ്ടി പുറംബണ്ടുകൾ ബലപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നെൽകർഷകസംരക്ഷണസമിതി കഴിഞ്ഞമാസം 26 മുതൽ ആലപ്പുഴ കളക്ട്രേറ്റിനു മുമ്പിൽ അനിശ്ചിതകാല നിരാഹാരസമരം നടത്തി വരുന്നതായി അറിയുന്നു.

അരിയാഹാരം കഴിക്കുന്ന കേരളജനതയ്ക്ക് കുട്ടനാട് എന്ന പ്രദേശം നല്ല തോതിൽ നെല്ല് ഉല്പാദിപ്പിച്ചുകൊണ്ട് പ്രഥമവും പ്രധാനവുമായ ഭക്ഷ്യോൽപാദനരംഗത്ത് മുൻപന്തിയിൽ നിന്ന കാലങ്ങൾ കടന്നുപോയിരിക്കുന്നു.

ഈ രംഗത്ത് കുട്ടനാടിനെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ നെല്ലറയെന്ന് വിശേഷിപ്പിച്ചാൽ, ഈ മണ്ണ് നെൽകർഷകനെ സംബന്ധിച്ചിടത്തോളം ഒരു ശാപമായി മാറുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിനിട വരുത്താതെ, ഈ രംഗത്ത് മേല്പറഞ്ഞ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര-സംസ്ഥാനഗവൺമെന്റുകൾക്ക് ബാദ്ധ്യതയുണ്ട്. ഇത് മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ബന്ധപ്പെട്ടവരിൽനിന്നും എത്രയും വേഗം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

പെരുന്ന
3.12.2024

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി